**KERALA STATE ELECTRICITY REGULATORY COMMISSION**
**KPFC Bhavanam, C.V. Raman Pillai Road, Vellayambalam, Thiruvananthapuram – 695 010**
**Phone (0471) 2735544, Fax: (0471) 2735599, Email: kserc@erckerala.org Website: erckerala.org**

30.03.2012

**പത്രക്കുറിപ്പ്**

# വൈദ്യുതി ഉപഭോഗത്തിൽ നിയന്ത്രണം : റഗുലേറ്ററി കമ്മീഷൻ 4നു വാദം കേൾക്കും

സംസ്ഥാനം നേരിടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്കു പരിഹാരം കാണുന്നതിനായി വൈദ്യുതി ബോർഡ് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ അനുമതിക്കായി സമർപ്പിച്ച അപേക്ഷ കമ്മീഷൻ ഫയലിൽ സ്വീകരിച്ചു. എച്ച്.റ്റി, ഇ.എച്ച്.റ്റി വിഭാഗത്തിൽപെട്ട ഉപഭോക്താക്കൾക്കും ബോർഡിൽ നിന്നും മൊത്തമായി വൈദ്യുതി വാങ്ങുന്ന മറ്റു ലൈസൻസികളുടെ ഉപഭോക്താക്കൾക്കും മുൻവർഷത്തെ ഉപഭോഗത്തിന്റെ 80 ശതമാനം വരെ നിലവിലുള്ള നിരക്കിലും കൂടുതൽ ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും 11 രൂപാ നിരക്കിലും ചാർജ്ജ് ഈടാക്കുന്നതിനുള്ള നിർദ്ദേശമാണ് ബോർഡ് സമർപ്പിച്ചിട്ടുള്ളത്. കൂടാതെ ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വൈകുന്നേരം 6.30 നും 10.30 നും ഇടക്ക് അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുന്നതിനും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഏപ്രിൽ 4 നു രാവിലെ 11 മണിക്കു തിരുവനന്തപുരത്തെ ഓഫീസിൽ കമ്മീഷൻ വാദം കേൾക്കുന്നതാണ്. ഏപ്രിൽ 2 മുതൽക്ക് വൈകുന്നേരം 6.30 നും രാത്രി 10.30 നും ഇടയ്ക്കുള്ള സമയത്ത് അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുന്നതിന് കമ്മീഷൻ ഇടക്കാല ഉത്തരവിലൂടെ അനുമതി നൽകി.

ഒപ്പ്

**സെക്രട്ടറി**